**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2207** **21-06-2024 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെയും എസ്.എ.ടി ആശുപത്രിയുടെയും നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം മെഡിക്കൽ കോളേജിൽ അവയവമാറ്റ ശസ്ത്രക്രിയാ സംവിധാനങ്ങൾ നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ; | (എ) | **തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ വൃക്ക, കരൾ, എന്നീ അവയവമാറ്റ ശസ്ത്രക്രിയയ്ക്കും നേത്രപടല ശസ്ത്രക്രിയയ്ക്കുമുള്ള സൗകര്യങ്ങൾ ലഭ്യമാണ്. പൊള്ളൽ ചികിത്സ വിഭാഗത്തിൽ നിർമ്മാണം പുരോഗമിക്കുന്ന ത്വക്ക് ബാങ്ക് ഉടൻ പ്രവർത്തനക്ഷമമാവുന്നതാണ്.** |
| (ബി) | ഏതെല്ലാം അവയവമാറ്റ ശസ്ത്രക്രിയാ സംവിധാനങ്ങളാണ് നടപ്പിലാക്കുന്നതെന്നും അവ എന്നത്തേക്ക് പ്രാവർത്തികമാകുമെന്നും വ്യക്തമാക്കുമോ; വിശദാംശം നൽകുമോ; | (ബി) | **തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ വൃക്ക, കരൾ, എന്നീ അവയവമാറ്റ ശസ്ത്രക്രിയയ്ക്കും നേത്രപടല ശസ്ത്രക്രിയയ്ക്കുമുള്ള സൗകര്യങ്ങൾ ലഭ്യമാണ്. പൊള്ളൽ ചികിത്സ വിഭാഗത്തിൽ നിർമ്മാണം പുരോഗമിക്കുന്ന ത്വക്ക് ബാങ്ക് ഉടൻ പ്രവർത്തനക്ഷമമാവുന്നതാണ്** |
| (സി) | പ്രസ്തുത മെഡിക്കൽ കോളേജിലെ വാഹന പാർക്കിംഗ് പ്രശ്നം പരിഹരിക്കുന്നതിനായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ വിശദമാക്കുമോ; | (സി) | **തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ വാഹന പാർക്കിംഗ് പ്രശ്നം പരിഹരിക്കുന്നതിനായി സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിനു മുന്നിലായി സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായി മൾട്ടി ലെവൽ പാർക്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ മാസ്റ്റർ പ്ലാനിന്റെ ഭാഗമായി മറ്റൊരു മൾട്ടി ലെവൽ കാർ പാർക്കിംഗ് സംവിധാനം സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ കിഫ്ബിയുടെ പരിഗണനയിലാണ്.** |
| (ഡി) | തിരുവനന്തപുരം എസ്.എ.ടി. ആശുപത്രിയെ ആധുനിക നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ഡി) | **എസ്.എ.ടി. ആശുപത്രിയെ ആധുനിക നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:-**<br>• **എസ്.എം.എ അസുഖബാധിതരായ കുട്ടികളുടെ സമഗ്ര പരിചരണത്തിനായി എസ്.എം.എ ക്ലിനിക് ആരംഭിച്ചു.**<br>• **കുട്ടികളുടെ ശ്വാസകോശ ചികിത്സാർത്ഥം 32 കിടക്കകളുള്ള തീവ്ര പരിചരണ വാർഡ് പ്രവർത്തനസജ്ജമാക്കി.** |

| | | | |
|---|---|---|---|
| | | | • ഗൈനക്കോളജി വിഭാഗത്തിൽ Advanced Laproscopic ചികിത്സ നൽകി വരുന്നു.<br>• അമ്മയ്ക്കൊരു കൂട്ട് പദ്ധതി ലേബർ റൂമിൽ നടപ്പിലാക്കി.<br>• ഹീമോഫീലിയ ബാധിച്ച കുട്ടികൾക്കുവേണ്ടി Comprehensive Haemophilia Centre ക്രമീകരിക്കുകയും അതിനുള്ള ചികിത്സ നൽകി വരുകയും ചെയ്യുന്നു.<br>• കുട്ടികളുടെ ഹൃദയ ശസ്ത്രക്രിയ വിഭാഗം വിപുലീകരിച്ചു. ഹൃദ്യം പദ്ധതി വഴി ഗുരുതര ഹൃദയ വൈകല്യത്തിനുള്ള ശസ്ത്രക്രിയകൾ ചെയ്തു വരുന്നു.<br>• കുട്ടികളുടെ നിയോനാറ്റോളജി വിഭാഗം വിപുലീകരിച്ചു.<br>• കുട്ടികളുടെ ഗ്യാസ്ട്രോഎന്ററോളജി വിഭാഗം ആരംഭിച്ചു.<br>• മാസ്റ്റർ പ്ലാനിന്റെ ഭാഗമായി എസ്.എ.റ്റി ആശുപത്രിക്കായി പ്രത്യേക ബ്ലോക്ക് നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.<br>• കുട്ടികളുടെ കാർഡിയോ തൊറാസിക് സർജറി വിഭാഗം ആരംഭിച്ചു.<br>• ജനിതക രോഗങ്ങൾ ഗർഭസ്ഥ അവസ്ഥയിൽ കണ്ടെത്തുന്നതിനുള്ള ശ്രദ്ധാ പദ്ധതി നടപ്പിലാക്കി.<br>• ഗൈനക്ക് വിഭാഗത്തിൽ സ്ത്രീ സൗഹൃദം ലക്ഷ്യമിട്ട് ഗർഭിണികൾക്കും രോഗികൾക്കുമായി ആധുനിക സൗകര്യങ്ങളോടു കൂടി പണി കഴിപ്പിച്ച ഒ.പി ബ്ലോക്കിന്റെ ഫർണിഷിംഗ് ജോലികൾക്കായി 12 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>സർക്കാർ സ്വീകരിച്ച നടപടികളുടെ ഫലമായി എസ്.എ.റ്റി ആശുപത്രിയ്ക്ക് 2022 ൽ Centre of Excellence for Rare Disease അംഗീകാരം ലഭിക്കുകയുണ്ടായി. കൂടാതെ 2023 ലെ കണക്ക് പ്രകാരം എസ്.എ.റ്റി ആശുപത്രിയിലെ മെറ്റേണൽ മോർട്ടാലിറ്റി റേറ്റ് അന്തർ ദേശീയ നിലവാരത്തിലേക്ക് കുറയ്ക്കാൻ സാധിച്ചു. ദേശീയ ഗുണനിലവാര അംഗീകാരമായ ലക്ഷ്യ സർട്ടിഫിക്കേഷൻ 2024 മാർച്ചിൽ എസ്.എ.റ്റി ആശുപത്രിയ്ക്ക് ലഭിച്ചു. |
| (ഇ) | പ്രസ്തുത ആശുപത്രിയിൽ ഗർഭിണികൾക്കും നവജാത ശിശുക്കൾക്കും ലഭ്യമാകുന്ന ചികിത്സാ സൗകര്യങ്ങൾ അന്തർദേശീയ നിലവാരത്തിലേക്കെത്തിക്കുന്നതിനായി | (ഇ) | ഗർഭിണികൾക്കും നവജാത ശിശുക്കൾക്കുമുള്ള ചികിത്സാ സൗകര്യങ്ങൾ അന്തർദേശീയ നിലവാരത്തിലാക്കുന്നതിനായി താഴെപ്പറയുന്ന |

| | | | |
|---|---|---|---|
| | നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ? | | **പ്രവർത്തനങ്ങളാണ് എസ്.എ.റ്റി ആശുപത്രിയിൽ നടന്നു വരുന്നത്:-**<br>• **പീഡിയാട്രിക് ഗ്യാസ്ട്രോ എൻഡോസ്കോപ്പി യൂണിറ്റ് ആരംഭിക്കുന്നതിനുള്ള പ്രവർത്തനം അവസാന ഘട്ടത്തിലാണ്.**<br>• **NHM ന്റെ ഭാഗമായി CLMC (Comprehensive Lactation Management Centre) ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.**<br>• **മാസ്റ്റർ പ്ലാനിന്റെ ഭാഗമായി പുതിയ പീഡിയാട്രിക് ബ്ലോക്ക് സമുച്ചയത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് അത്യാധുനിക സജ്ജീകരണങ്ങളോടെ അന്താരാഷ്ട്ര നിലവാരത്തിലുള്ള ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തു വരുന്നു.**<br>• **ഗൈനക് ഒ.പി വിഭാഗം പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ പണികൾ പൂർത്തീകരിക്കുന്നതിനായി 12.38 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി കെട്ടിടം പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാകുന്നതോടുകൂടി ഗർഭിണികളുടെ ചികിത്സ വിപുലപ്പെടുത്താൻ സാധിക്കും.**<br>• **ശിശു സൗഹൃദ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി (MusQan) മുസ്കാൻ സർട്ടിഫിക്കേഷൻ ലഭിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.** |

സെക്ഷൻ ഓഫീസർ